A



# സമഗ്ര ശിക്ഷാ കേരളം

# അർധവാർഷിക മൂല്യനിർണയം 2022-23

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 7 സമയം: 2 മണിക്കൂർ

---

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈസമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

2. ആകെ 6 പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ഒന്നാമത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള 5 പ്രവർത്തനങ്ങളിൽ നാലെണ്ണത്തിനു ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1 വായിക്കാം എഴുതാം**

മരക്കൂട്ടങ്ങളിലെ നിറംമാറ്റം പാതിയോളമായിട്ടുണ്ട്. പച്ചപ്പിന്റെ കരുത്തുചോർന്ന ഇലപ്പടർപ്പുകൾ പലതരം ചായക്കൂട്ടുകൾക്കു വഴങ്ങിക്കഴിഞ്ഞിരിക്കുന്നു. മഞ്ഞ, ഓറഞ്ച്, സ്വർണ്ണം, തവിട്ട്, ചുവപ്പിന്റെ വകഭേദങ്ങൾ തുടങ്ങി എത്രയോ നിറങ്ങൾ. വസന്തത്തിന്റെ വിടവാങ്ങലിനും ശരത്കാലത്തിന്റെ വരവേല്പിനുമിടയിലുള്ള 'ഫാൾ' എന്നറിയപ്പെടുന്ന ഈ നിറംമാറ്റക്കാലത്ത് അമേരിക്കൻ ഭൂഖണ്ഡത്തിലെ മഞ്ഞുവീഴുന്ന വടക്കൻപ്രദേശങ്ങളിലേക്ക് ധാരാളം സന്ദർശകർ വന്നെത്താറുണ്ട്. പ്രകൃതിയിലെ മാറ്റങ്ങളോട് ഇലപ്പടർപ്പുകൾ പ്രതികരിക്കുന്നത് പലതരത്തിലാണ്. പൈൻ, സെഡാർ, ദേവദാരു തുടങ്ങിയവയുടെ ഇലകൾ തനത് പച്ചപ്പ് കാത്തുവയ്ക്കുമ്പോൾ ഋതുഭേദങ്ങളുടെ വരദാനങ്ങളായ നിറപ്പകർച്ചകളെ വരവേൽക്കാൻ തയാറെടുക്കുന്നു മറ്റു മരങ്ങളും. അതോടെ നിറം മാറ്റങ്ങളുടെ കാലം തുടങ്ങുകയായി.

പക്ഷേ, കൊഴിയാനുള്ളവയാണ് ഈ ഇലകൾ. ഡിസംബറാകുമ്പോഴേക്കും മഞ്ഞുവീഴ്ചയോടൊപ്പം ഈ നിറങ്ങളും പതിയെ കൊഴിഞ്ഞുവീഴാൻ തുടങ്ങുന്നു. പിന്നെ മഞ്ഞിന്റെ വെൺപ്രതലങ്ങളിൽനിന്ന് എഴുന്നുനില്ക്കുന്ന, ശോഷിച്ച എല്ലിൻകൂടുകൾപോലെയാകും മരക്കൂട്ടങ്ങൾ.

അവലംബം:
ചില യാത്രകൾ ചില അനുഭവങ്ങൾ - സേതു

ഖണ്ഡിക വായിച്ചില്ലെ. ചോദ്യങ്ങൾക്ക് ഉത്തരമെഴുതൂ.

എ) നിറം മാറ്റം പാതിയോളമായതെവിടെ?
(പ്രകൃതിയിൽ, വെൺപ്രതലങ്ങളിൽ, മരക്കൂട്ടങ്ങളിൽ)

ബി) വസന്തത്തിന്റെ വിടവാങ്ങലിനും ശരത്കാലത്തിന്റെ വരവേല്പിനും ഇടയിലുള്ള നിറംമാറ്റ കാലത്തിനു പറയുന്ന പേരെന്ത്?
(ഋതുഭേദം, ഫാൾ, മഞ്ഞുകാലം)

സി) യാത്രാനുഭവം പങ്കുവയ്ക്കുന്നതിലൂടെ രചയിതാവ് പകർന്നുതരാൻ ശ്രമിക്കുന്നത് എന്ത്?
(മരങ്ങളുടെ സൗന്ദര്യം, മഞ്ഞുകാല മനോഹാരിത, ഋതുഭേദങ്ങളുടെ ഭാവപ്പകർച്ച)

ഡി) മരക്കൂട്ടങ്ങളെ 'ശോഷിച്ച എല്ലിൻ കൂടുകൾ പോലെ' എന്നു വിശേഷിപ്പിച്ചതിന്റെ കാരണം അല്ലാത്ത പ്രസ്താവനയേത്?

(ഇലകളെല്ലാം കൊഴിഞ്ഞുവീഴുന്നതുകൊണ്ട്, ഉണങ്ങി നശിക്കുന്നതുകൊണ്ട്, മഞ്ഞിന്റെ വെൺപ്രതലങ്ങളിൽ നിന്ന് എഴുന്നുനിൽക്കുന്നതുകൊണ്ട്)

ഇ) ഈ ഖണ്ഡികയ്ക്ക് ഏറ്റവും യോജിച്ച തലക്കെട്ട് തിരഞ്ഞെടുത്തെഴുതുക.

(പ്രകൃതി, വേഷം മാറുന്ന പ്രകൃതി, ഇലകൾ)

**പ്രവർത്തനം – 2 (എ) പോസ്റ്റർ തയാറാക്കാം**

ഒരു ദിവസം അര മണിക്കൂർ സമയം ഇഷ്ടമുള്ള പുസ്തകങ്ങളുടെ വായനയ്ക്ക് ചെലവഴിക്കുന്നത് ഏഴ് വർഷത്തിനുള്ളിൽ ആ വിഷയത്തിൽ ഒരു പ്രഭാഷകനാവാൻ ഒരാളെ സഹായിക്കുമെന്ന്, വായനയെക്കുറിച്ചുള്ള പഠനത്തിൽ ഐക്യരാഷ്ട്രസംഘടന പറഞ്ഞിട്ടുണ്ട്.

വായന ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നമ്മെ നയിക്കും.

തെരുവുവിളക്കിന്റെ വെളിച്ചത്തിലെ വായനയാണ് എബ്രഹാം ലിങ്കനെ രൂപപ്പെടുത്തിയത്.

മുകളിൽ തന്നിരിക്കുന്ന വരികൾ വായിച്ചില്ലെ. മനുഷ്യനെ പൂർണതയിലേക്കെത്തിക്കാൻ വായന കൊണ്ടേ സാധിക്കൂ.

വായനയുടെ മഹത്വം വ്യക്തമാക്കുന്ന പോസ്റ്റർ തയാറാക്കുക. തയാറാക്കുന്ന പോസ്റ്റർ മികവുത്സവത്തിൽ പ്രദർശിപ്പിക്കുമല്ലൊ.

തലക്കെട്ട്, ചിത്രം, മുദ്രാഗീതം എന്നിവ ഉൾപ്പെടുത്തി പോസ്റ്റർ മികവുറ്റതാക്കുമല്ലോ.

ബി) പീച്ച് പൂന്തോട്ടം എന്ന തിരക്കഥയിൽ കുട്ടിയെ കുറ്റപ്പെടുത്തരുതെന്ന് രാജ്ഞി പറഞ്ഞത് എന്തുകൊണ്ടാണ്?

എ) കുട്ടിയുടെ കുടുംബം പീച്ച് മരങ്ങൾ വെട്ടിയതുകൊണ്ട്

ബി) കുട്ടിക്ക് പീച്ച് പുഷ്പങ്ങൾ ഇഷ്ടമായിരുന്നതുകൊണ്ട്

സി) രാജ്ഞിക്ക് കുട്ടിയെ ഇഷ്ടമായിരുന്നതുകൊണ്ട്.

**പ്രവർത്തനം – 3 (എ) ശീർഷകം നൽകി ഔചിത്യം എഴുതുക**

ഗുരുവിനെത്തേടി ഇളം പ്രായത്തിലേ വീടുവിട്ടുപോയ ഒരു മകൻ. അയാൾക്കിപ്പോൾ മധ്യവയസ്സു കഴിഞ്ഞിരിക്കുന്നു. ഒരിക്കൽ അയാൾ ഒരു സന്യാസിയുടെ മുന്നിലെത്തി. ഇത്ര കാലം തിരഞ്ഞിട്ടും തനിക്ക് ഗുരുവിനെ കണ്ടെത്താനായില്ല എന്ന് അയാൾ സങ്കടം പറഞ്ഞു.
"നീ നിന്റെ വീട്ടിലേക്കു മടങ്ങുക. അപ്പോൾ നിന്റെ ഗുരു നിന്നെത്തേടിവരും".
സന്ന്യാസി പറഞ്ഞു.
"എന്നെ തിരഞ്ഞുവരുന്നവരിൽ ഞാനെന്റെ ഗുരുവിനെ എങ്ങനെ തിരിച്ചറിയും?"
"നിന്റെ ഗുരു നിന്നെത്തേടി വരുമ്പോൾ അദ്ദേഹത്തിന്റെ കാലിൽ ഒറ്റച്ചെരിപ്പേ ഉണ്ടാവൂ...."
അയാൾ വീട്ടിലേക്കു മടങ്ങി. മകൻ മടങ്ങി വരുന്ന വാർത്ത അറിഞ്ഞ് വൃദ്ധമാതാവ് പുറത്തേക്ക് ഓടി. ഒരു കല്ലിൽത്തട്ടി അവരുടെ ഒരു ചെരിപ്പ് തെറിച്ചു പോയി. അതു കണ്ടെടുക്കാൻ അപ്പോഴവർക്കു സാവകാശം ഉണ്ടായിരുന്നില്ല.

മകൻ അമ്മയെ കണ്ട മാത്രയിൽ നമസ്കരിക്കാനായി കുനിഞ്ഞപ്പോൾ കണ്ടു, ഒറ്റക്കാലിലെ ഒറ്റച്ചെരിപ്പ്! അങ്ങനെ തന്നെ തേടി വന്ന ഗുരുവിനെ അയാൾ കണ്ടെത്തി. അമ്മയായിരുന്നു യഥാർഥ ഗുരു!

പായിപ്ര രാധാകൃഷ്ണൻ

ഈ കഥയ്ക്ക് ഉചിതമായ ശീർഷകം നൽകൂ.
നിങ്ങൾ നൽകിയ ശീർഷകത്തിന്റെ ഔചിത്യത്തെകുറിച്ച് കുറിപ്പ് തയാറാക്കൂ.

ബി) 'ഒരു മനുഷ്യൻ' എന്ന കഥയിൽ അദ്ദേഹം പകൽ നാലുമണിക്കേ ഉണരുമായിരുന്നുള്ളൂ. എന്തുകൊണ്ടാവാം?

എ) ദാരിദ്ര്യം കൊണ്ട്

ബി) ഉറങ്ങാനിഷ്ടമുള്ളതുകൊണ്ട്

സി) വിശപ്പില്ലാത്തതുകൊണ്ട്

പ്രവർത്തനം 4 (എ) അനുഭവക്കുറിപ്പ് തയാറാക്കാം

**മിമിക്രി**

'എവിടുന്നാ മോനേ പട്ടി കുരയ്ക്കുന്നത്'?
റൂമിൽ നിന്നാണെന്നു തോന്നുന്നു.
'വടിയെടുത്തു വാ,' ഉമ്മ പറഞ്ഞു.
റൂമിൽ ചെന്നപ്പോൾ കാക്കു
സ്കൂൾ കലോത്സവത്തിനുവേണ്ടി മിമിക്രി പഠിക്കുകയായിരുന്നു.

മുഹമ്മദ് നിഷാദ് പി.
വാക്കടപ്പുറം

വടിയെടുത്തുവന്ന അനിയനെയും കാക്കുവിനെയും പോലെ നിങ്ങൾക്കും കലോത്സവ അനുഭവങ്ങൾ ഉണ്ടാകുമല്ലോ.

കലോത്സവ പരിശീലനക്കാലത്തോ പങ്കെടുത്തപ്പോഴോ, കണ്ടപ്പോഴോ ഉണ്ടായ അനുഭവങ്ങൾ കുറിപ്പായി എഴുതൂ.

ബി) *'ദേശത്തിനു തനതായ ഒരു നാടകപാരമ്പര്യം അവകാശപ്പെടാനുണ്ട്'.*

ഈ വാക്യവുമായി യോജിക്കാത്ത വാക്യം കണ്ടെത്തൂ.

എ) ദേശക്കാർ മുഴുവനും അരങ്ങിനു മുന്നിൽ ഒത്തുകൂടും.
ബി) ആണ്ടുതോറും പുതിയൊരു നാടകമെങ്കിലും അരങ്ങിലെത്തും.
സി) ദേശക്കാർ നാടകത്തിനായി സമയം കളയാനാഗ്രഹിച്ചിരുന്നില്ല.

പ്രവർത്തനം 5 താരതമ്യക്കുറിപ്പ് തയാറാക്കാം

**അമ്മ കോളിങ്ങ്**

ചാറ്റൽമഴയിൽ നിന്നും രക്ഷപ്പെടാനായി കടത്തിണ്ണയിൽ കയറിയിരിക്കുമ്പോഴാണ് റോഡരികിൽ ഒരു വെളിച്ചം കണ്ണിൽപെട്ടത്. മനോഹരമായ ഒരു മൊബൈൽ ഫോൺ ആയിരുന്നു അത്. അത്യധികം സന്തോഷത്തോടെ അവനതു കൈയിലെടുത്തു. ഇതാരുടേതാവാം?

താൻ മൊബൈൽ ഫോൺ കൈയിലെടുക്കുമ്പോഴെല്ലാം വിലക്കുന്ന അച്ഛന്റെയും അമ്മയുടെയും മുഖങ്ങൾ മനസ്സിൽ തെളിഞ്ഞു. കുറേനേരത്തെ മനസ്സിന്റെ പിടിവലികൾക്കുശേഷം അത് സ്വന്തമാക്കിയെടുക്കാൻ തീരുമാനിച്ച് അവൻ വീട്ടിലേക്കു നടന്നു. ആരുടെയും ശ്രദ്ധയിൽപെടാതെ ഫോൺ സൈലന്റ് മോഡിലിട്ട് റൂമിലെത്തിയപ്പോഴാണ് അതിൽ ഒരു കോൾ വരുന്നത് അവന്റെ ശ്രദ്ധയിൽ പെട്ടത്.

'അമ്മ കോളിങ്ങ്'

വീണ്ടും വീണ്ടും വിളിച്ചുകൊണ്ടിരുന്നപ്പോൾ കണ്ടുനിൽക്കാനാവാതെ കോളെടുത്ത് ചെവിയോടു ചേർത്തു.

മോനേ, എത്ര നേരമായെടാ വിളിക്കുന്നു? നീയെവിടെ?

അമ്മയുടെ സ്വരം കാതിൽ മുഴങ്ങി. രണ്ടാമതൊന്നാലോചിക്കാതെ അവൻ അച്ഛനടുത്തേയ്ക്കോടിച്ചെന്നു.

ആ അമ്മയിൽ നിന്നും മകനെക്കുറിച്ചറിഞ്ഞ അച്ഛനും ഞാനും ആ മകനെ അന്വേഷിച്ച് യാത്രയായി. അപകടത്തിൽ ബോധമറ്റ് ആശുപത്രിക്കിടക്കയിൽ കിടക്കുന്ന മകനരികിലേക്ക് അമ്മയെ എത്തിച്ചു. മൊബൈൽ ഫോൺ അമ്മയെ ഏൽപ്പിച്ച് തിരിച്ചു നടക്കുമ്പോൾ അച്ഛനവനെ ചേർത്തു പിടിച്ച് നെറുകയിൽ ഒരുമ്മ കൊടുത്തു.

തേജാകൃഷ്ണ വി.എസ്.
കക്കാട്ടിരി, പാലക്കാട്

ഈ ആശയങ്ങളും 'ഒരു മനുഷ്യൻ' എന്ന കഥയിലെ ആശയങ്ങളും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കു.

ബി) ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന കഥാകാരൻ ആര്?

എ) സി.വി. ബാലകൃഷ്ണൻ

ബി) ടി. പത്മനാഭൻ

സി) വൈക്കം മുഹമ്മദ് ബഷീർ

educationobserver.com

## പ്രവർത്തനം - 6 **വിലയിരുത്തൽ കുറിപ്പ്** തയാറാക്കാം

ചക്രം

ഭൂമിയിൽനിന്നൊരു വിത്തു മുളച്ചി-
ട്ടോരിലയീരില നീണ്ടു വളർന്നി-
ട്ടാകാശത്തിൽ ചില്ലകൾ വീശി-
യുയർന്നു മുതിർന്ന മഹാവൃക്ഷത്തെ
വെട്ടിമുറിച്ചു ചെറുതുണ്ടുകളായ്-
ച്ചെത്തിയെടുത്തു ചതച്ചു പുഴുങ്ങി-
ക്കടലാസെന്നൊരു സാധനമാക്കീ-
ട്ടതിലൊരു തുണ്ടിൽ പലപല ഭ്രാന്തൻ
മുദ്രകൾ കുത്തി, പണമെന്നെണ്ണി,
അതുകൊണ്ടങ്ങനെ ഞാൻ വാങ്ങുന്നു
കാടും കടലും മലയും പുഴയും.

റഫീക്ക് അഹമ്മദ്

കവിത നിങ്ങളിലുണർത്തിയ ചിന്തകളും ആശയങ്ങളും വിലയിരുത്തി കുറിപ്പ് തയാറാക്കു.